DESPATCHED
On.02/12/21.

22/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001


Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


**ഹർജി നമ്പർ AP.No.2560 (5)/16/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുളള നടപടിക്രമം**

**File No. 14736/SIC-G7/2016**

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| **ശ്രീ. ജിയോ പോൾ,<br>ആളൂർ ഹൗസ്, എസ്റ്റേറ്റ് റോഡ്, ഗ്രെയ്സ് ലെയിൻ,<br>പേരമംഗലം, തൃശ്ശൂർ – 680 545.** | **അപ്പീൽ ഹർജിക്കാരൻ** |

Vs

| | |
|---|---|
| **1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>മുണ്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രം,<br>തൃശ്ശൂർ.<br><br>2. അപ്പീൽ അധികാരി,<br>ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം),<br>തൃശ്ശൂർ – 680 001.** | **എതിർകക്ഷികൾ** |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ജിയോ പോൾ കമ്മീഷൻ മുമ്പാകെ 12.11.2016 ന് സമർപ്പിച്ച അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിക്കുകയുണ്ടായി. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് പൂർണ്ണമായ വിവരം ലഭ്യമായിട്ടില്ലെന്നാണ് അപ്പീൽ ഹർജിക്കാരൻ ആരോപിച്ചിരിക്കുന്നത്.

2. പ്രസ്തുത അപ്പീൽ ഹർജി കമ്മീഷൻ മുമ്പാകെ ലഭ്യമാകുന്ന അവസരത്തിൽ കമ്മീഷണർമാരുടെ അഭാവം നിലനിന്നിരുന്നതിനാൽ യഥാസമയം അപ്പീൽ ഹർജിയിന്മേൽ തീർപ്പ്കൽപ്പിക്കാൻ കഴിയാത്ത സാഹചര്യമായിരുന്നു. 2016 വർഷത്തെ പ്രസ്തുത അപ്പീൽ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി, ടി അപ്പീൽ ഹർജിയിന്മേൽ ഇപ്പോഴും പരാതി നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് കമ്മീഷൻ

മുമ്പാകെ അറിയിക്കുന്നതിലേയ്ക്കായി 30.10.2020 തീയതി അപ്പീൽ ഹർജിക്കാരന് കത്ത് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത കത്തിനോട് ടിയാൻ പ്രതികരിക്കുക യുണ്ടായില്ല. കമ്മീഷന് നൽകിയ റിപ്പോർട്ടിൽ മറുപടി നൽകിയതായി (പകർപ്പ് സഹിതം) അറിയിച്ചിട്ടുണ്ട്. എങ്കിലും പ്രസ്തുത അപ്പീൽ ഹർജിയിന്മേൽ അപ്പീൽ ഹർജിക്കാരന് പരാതി നിലനിൽക്കുന്നില്ലെന്ന നിഗമനത്തിൽ ടി അപ്പീൽ ഹർജിയിന്മേലുള്ള നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 2021 നവംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn